ഉത്തരം

(എ) ഉണ്ട്.

(ബി) അനധികൃത പണമിടപാട് സ്ഥാപനങ്ങളെക്കുറിച്ച് ലഭിച്ച പരാതികൾ ഇൻസ്പെക്ടിംഗ് അസിസ്റ്റന്റ് കമ്മീഷണർ തലത്തിൽ അന്വേഷണം നടത്തുകയും ആന്റിബ്ലൂഡ്മാഫിയ സ്കാഡിന് ശുപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്.

(സി) മണിലെന്റിംഗ് നിയമത്തിന്റെ കീഴിൽ വരുന്ന രജിസ്റ്റേർഡ് പണമിടപാടുകാർ പലിശ ഈടാക്കുന്നത് നിയന്ത്രിക്കുവാൻ 1958-ലെ മണിലെന്റിംഗ് നിയമത്തിൽ വ്യവസ്ഥകളുണ്ട്.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

(ഇ) അമിത പലിശ ഈടാക്കുന്ന സ്ഥാപനങ്ങൾക്കും വ്യക്തികൾക്കുമെതിരെ ലഭിക്കുന്ന പരാതികളിൻമേൽ വാണിജ്യ നികുതി വകുപ്പ് താമസംവിനാ നടപടികൾ സ്വീകരിക്കാറുണ്ട്.

കഴിഞ്ഞ നാലു വർഷങ്ങളിലെ സെയിൽസ് ടാക്സ് വരുമാനം

7 [1837] *ശ്രീ. പെർക്കളം അബ്ദുള്ള:*
,, പി. കെ. കെ. ബാവ:
,, സി. മോയിൻകുട്ടി:
,, കെ. എൻ. എ. ഖാദർ:
,, ഇസ്മായിൽ കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ നാല് വർഷങ്ങളിലെ സെയിൽസ് ടാക്സ് വരുമാനം എത്രയാണ്;

(ബി) ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(സി) ഓരോ വർഷങ്ങളിലേയും തുക വ്യക്തമാക്കുമോ;

(ഡി) കഴിഞ്ഞ നാല് വർഷത്തെ സെയിൽസ് ടാക്സ് കുടിശ്ശിക എത്രയാണ്;

(ഇ) കുടിശ്ശിക പിരിച്ചെടുക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) 22,662.55 കോടി രൂപ.

(ബി) ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം 1-ൽ ചേർത്തിരിക്കുന്നു.†

(സി) ഓരോ വർഷങ്ങളിലേയും ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം 2-ൽ ചേർത്തിരിക്കുന്നു.†

† അനുബന്ധം III

LIBRARY ARCHIVES Kerala Legislative Assembly

(ഡി) 1413.17 കോടി രൂപ.

(ഇ) (i) റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തുന്നതിന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്. റിൽപ്പന നിയമത്തിന്റെ അധികാരം ഉപയോഗിച്ച് ഇൻസ്പെക്ടിംഗ് അസിസ്റ്റന്റ് കമ്മീഷണർമാരും റവന്യൂ റിക്കവറി നടപടികൾ നടത്തി നികുതി കുടിശ്ശിക പിരിക്കുന്നുണ്ട്.

(ii) കുടിശ്ശിക പിരിവിൽ കുറവ് അനുഭവപ്പെടുന്ന ഓഫീസുകളിൽ വാണിജ്യ നികുതി കമ്മീഷണറേറ്റിൽ നിന്നും നേരിട്ട് പരിശോധന നടത്തുന്നതിനും പിരിവ് ഊർജ്ജിതമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നു.

(iii) കോടതി സ്റ്റേ ചെയ്ത കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിന് പ്രസ്തുത കേസുകൾ വേഗം തീർപ്പാക്കി കിട്ടുന്നതിനായി പ്രത്യേകം ഗവൺമെന്റ് പ്ലീഡർമാരെ നിയോഗിച്ചിട്ടുണ്ട്. ജോയിന്റ് കമ്മീഷണറുടെ (നിയമം) കീഴിൽ പ്രത്യേക വിഭാഗവും പ്രവർത്തിക്കുന്നുണ്ട്.

(iv) നികുതി കുടിശ്ശിക പിരിയ്ക്കുന്നതിനുവേണ്ടി 2004 ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ പ്രത്യേകം "സെറ്റിൽമെന്റ് സ്കീം" കൊണ്ടുവരികയും തൽഫലമായി 23.15 കോടിയുടെ നികുതി കുടിശ്ശിക പിരിച്ചെടുക്കുകയും ചെയ്തു.

സർക്കാർ ആഫീസുകൾക്ക് സ്വന്തം കെട്ടിടം

8 [1838] *ശ്രീ. സി. ടി. അഹമ്മദ് അലി:*
" *സി. മമ്മൂട്ടി:*
" *പി. കെ. അബ്ദുറബ്ബ്:*
" *ഇസ്രായേൽ കുരിക്കൾ:*
" *നാരകത്ത് സുബ്ബി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സർക്കാർ ഓഫീസുകളുടെ വാടകയിനത്തിൽ നൽകിയ തുക കഴിഞ്ഞ രണ്ട് വർഷങ്ങളിൽ എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) സർക്കാർ ഓഫീസുകൾക്ക് സ്വന്തം കെട്ടിടം നിർമ്മിക്കുന്നതിനുവേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

(സി) സർക്കാർ ഓഫീസുകൾക്കെല്ലാം സ്വന്തം കെട്ടിടമെന്ന ലക്ഷ്യം എന്നത്തേക്ക് നടപ്പാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം II

[21-7-2005-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2(1832) സദയം കാണുക]

പ്രധാന ചെലവിനങ്ങൾ

(2002 നവംബർ മുതൽ 2005 ജൂൺ വരെ)

ആകെ കണക്കാക്കിയിരിക്കുന്ന ചെലവിനങ്ങളിൽ ശമ്പളം, മറ്റ് എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ എന്നിവ ഒഴികെയുള്ള പ്രധാനപ്പെട്ട ഇനങ്ങൾ ചുവടെ ചേർക്കുന്നു. ഇവ പേമെന്റ് ഉത്തരവുകളെയും അലോട്ട്മെന്റ് ലറ്ററുകളെയും അടിസ്ഥാനമാക്കിയുള്ളവയാണ്. പത്തൊമ്പതോളം വകുപ്പുകൾ അവയ്ക്ക് കീഴിലെ സ്ഥാപനങ്ങൾവഴി സംസ്ഥാനത്തൊട്ടാകെയുള്ള ട്രഷറികൾവഴിയാണ് തുക പിൻവലിക്കേണ്ടത്. അതിനാൽ 2004-2005-ലെ അക്കൗണ്ടന്റ് ജനറലിന്റെ ഫൈനാൻസ് അക്കൗണ്ട്/അപ്രോപ്രിയേഷൻ അക്കൗണ്ടുകൂടി പ്രസിദ്ധീകരിച്ച ശേഷം മാത്രമേ ചെലവിനങ്ങൾ പൂർണ്ണമായി നിജപ്പെടുത്താനാവുകയുള്ളൂ.

ക്രമ നമ്പർ	*ഇനം*	*തുക രൂപ*
	പൊതു ഉദ്യമങ്ങൾ	
1	വിവര സാങ്കേതിക വകുപ്പിന്റെ അക്ഷയ, സെക്രട്ടേറിയറ്റ് നെറ്റ്വർക്ക് തുടങ്ങിയ ഉദ്യമങ്ങളുടെ നിർവ്വഹണത്തിന്	3,24,98,600
2	ആസൂത്രണ വകുപ്പിന്റെ ദരിദ്രജനവിഭാഗങ്ങളുടെ ക്ഷേമവും ഉന്നതിയും ലക്ഷ്യമാക്കിയുള്ള ഉദ്യമങ്ങളുടെ നിർവ്വഹണത്തിന്	3,79,37,000
3	പദ്ധതി രൂപീകരണത്തിനുള്ള ശിൽപ്പശാലകൾ, ഉദ്യോഗസ്ഥർക്കുള്ള പരിശീലനം, പ്രധാന പരിശീലനസ്ഥാപനമായ ഐ.എം.ജി.യുടെ അടിസ്ഥാന സൗകര്യവികസനം എന്നിവയ്ക്ക്	4,65,35,387
4	ഉദ്യോഗസ്ഥരുടെ എസ്റ്റാബ്ലിഷ്മെന്റ് കാര്യങ്ങളും ശമ്പള സംവിധാനവും ഏകീകരിച്ചുകൊണ്ടുള്ള ഇന്റഗ്രേറ്റഡ് പേഴ്സണൽ ആന്റ് പേറോൾ മാനേജ്മെന്റ് സിസ്റ്റം നടപ്പിലാക്കുന്നതിന്	1,36,64,277
5	വ്യവസായ വകുപ്പിന്റെ പൊതു ഉദ്യമം (എസ്. എൽ. പി. ഇ. പരിഷ്കാരങ്ങൾ) നടപ്പിലാക്കുന്നതിന്	193,64,26,000
6	മഴവെള്ള സംഭരണം പ്രചരിപ്പിക്കുന്നതിനും സർക്കാർ സ്ഥാപനങ്ങളിൽ മാതൃകാ മഴവെള്ള സംഭരണികൾ സ്ഥാപിക്കുന്നതിനുമുള്ള ജലവിഭവ വകുപ്പിന്റെ ഉദ്യമം നടപ്പിലാക്കുന്നതിന്	1,45,000

GPM. 2/566/2012—60

LIBRARY ARCHIVES Kerala Legislative Assembly

ക്രമ നമ്പർ	ഇനം	തുക രൂപ
	സേവനപ്രദാന പദ്ധതിയിലെ സംസ്ഥാനതല ഉദ്യമങ്ങൾ	
7	പോലീസിനും ജനങ്ങൾക്കും പരസ്പരം ആശയവിനിമയം നടത്തുന്നതിനും പരാതികൾ ഇന്റർനെറ്റ് വഴി സ്വീകരിക്കുന്നതിനുമുള്ള പോലീസ് പോർട്ടൽ സ്ഥാപിക്കുന്നതിന്	42,70,000
8	കളക്ട്രേറ്റുകളുടെ പ്രവർത്തനം കമ്പ്യൂട്ടർവൽക്കരിച്ച് മെച്ചപ്പെടുത്തുന്നതിനുള്ള ഡി. സി. സ്യൂട്ട് പദ്ധതിയുടെ നിർവ്വഹണത്തിന്	2,76,69,818
9	Hospital Kiosk പദ്ധതിയുടെ നിർവ്വഹണത്തിന്	2,25,36,000
10	സെക്രട്ടേറിയറ്റിന്റെ സേവന നിലവാരം മെച്ചപ്പെടുത്തുന്നതിനായി അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും സെക്രട്ടേറിയറ്റ് റെക്കോർഡ്സ് തുടങ്ങിയവ കമ്പ്യൂട്ടർവൽക്കരിക്കുന്നതിന്	2,56,66,406
	സേവനപ്രദാന പദ്ധതിക്കു കീഴിൽ തെരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങളുടെ സ്ഥാപനതല പദ്ധതികളുടെ നിർവ്വഹണത്തിന് — വകുപ്പ് തിരിച്ചുള്ള കണക്ക്	
11	ആരോഗ്യ വകുപ്പ്	34,03,214
12	പൊതുവിദ്യാഭ്യാസ വകുപ്പ്	1,07,62,240
13	ഭക്ഷ്യ വകുപ്പ്	4,09,086
14	സാമൂഹ്യക്ഷേമ വകുപ്പ്	13,98,994
	ആകെ	**217,27,90,900**

LIBRARY ARCHIVES Kerala Legislative Assembly